(ബി) രാവിലെ 6.15ന് 'ഷീല' എന്ന ഒരു പ്രൈവറ്റ് ബസ് സർവ്വീസ് നടത്തിയിരുന്നത് നിറുത്തലാക്കിയതിനുപകരം ട്രാൻസ് പോർട്ട് ബസ് സർവ്വീസ് നടത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

(സി) യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ പരിഗണിച്ച് എത്രയും പെട്ടെന്നുതന്നെ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കിളിമാന്നൂർ—ആറ്റിങ്ങൽ റൂട്ട് ഒരു പൂർണ്ണ ദേശസാൽകൃത റൂട്ടല്ല. പൂർണ്ണ ദേശസാൽകൃത റൂട്ടുകളിലെ യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് മുൻഗണന നൽകുക എന്നതാണ് കോർപ്പറേഷന്റെ നയം കൂടാതെ നിർദ്ദിഷ്ട റൂട്ടിൽ ആവശ്യാനുസരണം പ്രൈവറ്റ് ബസ്സുകൾ ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ട്.

(സി) വാഹനങ്ങളുടെ ദൗർലഭ്യംമൂലം അടിയന്തിര നടപടികൾ സ്വീകരിക്കാൻ തൽക്കാലം നിവർത്തിയില്ല.

തൃശ്ശൂർ—പാലപ്പിള്ളി റൂട്ട്

1237 [1978] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ—പാലപ്പിള്ളി റൂട്ട് ദേശവൽക്കരിക്കുവാൻ നടപടികൾ എടുക്കാമോ?

ഉത്തരം

നടപടികൾ എടുക്കുന്നുണ്ട്. 20.11.73-ലെ ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിച്ച കോർപ്പറേഷന്റെ പ്രാഥമിക നോട്ടിഫിക്കേഷൻ പ്രകാരം എറണാകുളം—തൃശ്ശൂർ നാഷണലൈസേഷൻ സ്കീമിലെ 91 റൂട്ടുകളിൽ തൃശ്ശൂർ—പാലപ്പിള്ളി റൂട്ടും ഉൾപ്പെടുന്നു.

ചേർത്തല താലൂക്കിലെ ഉപഷാപ്പുകൾ

1238 [1979] ശ്രീ ടി.കെ. രാമകൃഷ്ണൻ:

,, എൻ. വാസുദേവപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല ഷാപ്പ് കോൺട്രാക്ടർമാർ വ്യവസ്ഥ ലംഘിച്ചുകൊണ്ട് ഉപഷാപ്പുകൾ നടത്തുന്നതായി പരാതി കിട്ടിയിട്ടുണ്ടോ;

(ബി) അനധികൃതമായി ഇങ്ങനെ ഉപഷാപ്പുകൾ നടത്തുന്നത് തടയാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) മദ്യഷാപ്പുകൾ അനധികൃതമായി നടത്തുന്നു എന്നുള്ള പരാതികൾ ഉണ്ടാകുന്നതിനു മുൻപുതന്നെ അത്തരം ഷാപ്പുകൾ കണ്ടെത്തി അവ ഉടനടി നിറുത്തൽ ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണ

LIBRARY ARCHIVES Kerala Legislative Assembly